# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2318 08.12.2015-ൽ മറുപടിക്ക്

## സുവർണ്ണ കേരളം പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ചിറ്റയം ഗോപകുമാർ : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി) |
| (എ) ജൈവപച്ചക്കറിയുടെ വ്യാപനത്തിനായി നടപ്പിലാക്കിയ സുവർണ്ണ കേരളം പദ്ധതിയുടെ വിശദാംശം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കുമോ; | (എ) സുവർണ്ണ കേരളം പദ്ധതി നടപ്പിലാക്കിയതിന്റെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>**തിരുവനന്തപുരം ജില്ല**<br>ജില്ലയിലെ 4 താലൂക്കുകളിലുള്ള സഹകരണ സംഘങ്ങളും ജൈവപച്ചക്കറിയുടെ വ്യാപനത്തിനായി വെള്ളായണി കാർഷിക കോളേജ്, ഫാർമേഴ്സ് സർവ്വീസ് സെന്റർ, കേരള ഇറിഗേഷൻ ആന്റ് ഇൻഫ്രാസ്ട്രക്ചർ ഡെവലപ്പ്മെന്റ് എന്നിവയുമായി സഹകരിച്ച് പച്ചക്കറി തൈകൾ, വിത്തുകൾ, ഗ്രോബാഗ്, ജൈവവളം എന്നിവ സംഘാംഗങ്ങൾക്ക് വിതരണം ചെയ്യുന്നു. ജൈവകൃഷിയെ സംബന്ധിച്ച സെമിനാറുകളും ക്ലാസ്സുകളും സംഘടിപ്പിച്ചു.<br>**കൊല്ലം ജില്ല**<br>ജില്ലയിലെ സംഘങ്ങൾ മുഖേന പച്ചക്കറി വിത്തുകൾ വിതരണം ചെയ്തു. സംഘങ്ങളുടെ തന്നെ മട്ടുപ്പാവിൽ പച്ചക്കറി കൃഷി |

(---2)

നടത്തുകയുണ്ടായി. സംഘങ്ങൾ മുഖേനയും സംഘങ്ങളിൽ നിന്നും ലഭിച്ച വായ്പ ഉപയോഗിച്ചും കർഷകർ ഉൽപ്പാദിപ്പിച്ച പച്ചക്കറികളും, പഴവർഗ്ഗങ്ങളും സുവർണ്ണം എന്ന പേരിൽ വിപണന കേന്ദ്രങ്ങൾ ആരംഭിച്ച് ഓണക്കാലത്ത് വിതരണം ചെയ്തു.

**പത്തനംതിട്ട ജില്ല**

ജില്ലയിലെ 5 താലൂക്കുകളിലേയും തെരഞ്ഞെടുത്ത ബാങ്കുകൾ പച്ചക്കറി കൃഷി ആരംഭിക്കുകയും മറ്റ് ബാങ്കുകൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു. പ്രമാടം സർവ്വീസ് സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ വലിയ രീതിയിൽ ജൈവപച്ചക്കറി കൃഷി നടത്തിവരുന്നു. പന്നിവിഴ സർവ്വീസ് സഹകരണ ബാങ്ക് അവരുടെ ഫാർമേഴ്സ് സർവ്വീസ് സെന്റർ വഴി പച്ചക്കറി വിത്ത്, ഗ്രോബാഗ്, വളം എന്നിവ വിതരണം ചെയ്തു. കൂടാതെ സംഘങ്ങൾ സെമിനാറുകൾ, ചർച്ചാ ക്ലാസ്സുകൾ എന്നിവ നടത്തിവരുന്നു. കർഷക സ്വയം സഹായ സംഘങ്ങൾ രൂപീകരിക്കുകയും, തിരുവല്ലാ താലൂക്കിൽ ഒരു കർഷക സംഗമവും സംഘടിപ്പിച്ചിട്ടുണ്ട്.

**ആലപ്പുഴ ജില്ല**

എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർമാരും അവരുടെ കീഴിലുള്ള സംഘം പ്രതിനിധികളേയും സെക്രട്ടറിമാരേയും വിളിച്ചുകൂട്ടി ജൈവപച്ചക്കറി കൃഷി നടത്തുന്നതിന് താല്പര്യമുള്ളവരെ

(---3)

കണ്ടെത്തി സംഘത്തിന്റെ ചിലവിൽ പച്ചക്കറി 'വിത്തുകൾ/തൈകൾ/ഗ്രോബാഗുകൾ എന്നിവ വിതരണം ചെയ്തു. കഞ്ഞിക്കുഴി സർവ്വീസ് സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ ജൈവപച്ചക്കറിയിൽ വിദഗ്ധരായ പരമ്പരാഗത കർഷകർ, വിരമിച്ച കൃഷി ആഫീസർ, വിദഗ്ധർ എന്നിവരെ ഉൾപ്പെടുത്തി കർഷക ആശുപത്രി ആരംഭിച്ചു. സസ്യരോഗങ്ങൾ തിരിച്ചറിഞ്ഞ് കൃഷിക്കാവശ്യമായ ജൈവ മരുന്നുകൾ വിതരണം ചെയ്യുന്നതിനോടൊപ്പം, ജൈവ വളം, കാർഷിക ഉപകരണങ്ങൾ ഇവയും വിതരണം ചെയ്യുന്നു.

**<u>കോട്ടയം ജില്ല</u>**

ജില്ലയിലെ തെരഞ്ഞെടുത്ത സംഘങ്ങൾ എല്ലാം തന്നെ സുവർണ്ണ കേരളം പദ്ധതിയിൽ പങ്കാളികളാകുകയും സംഘങ്ങളിൽ നിന്നും പച്ചക്കറി വിത്തുകൾ, തൈകൾ എന്നിവ വിതരണം ചെയ്യുകയും ചെയ്തു. പെരുമ്പനച്ചിയിലെ ബാങ്ക് ആഡിറ്റോറിയത്തിൽ ഒരു ഏകദിനശില്പശാല സംഘടിപ്പിച്ചു. ചർച്ചാക്ലാസ്സുകളും സംഘടിപ്പിച്ചിട്ടുണ്ട്.

**<u>ഇടുക്കി ജില്ല</u>**

ഗുണമേന്മയുള്ള പച്ചക്കറി വിത്തുകൾ, തൈകൾ, ഗ്രോബാഗുകൾ എന്നിവ വിതരണം ചെയ്തു. പദ്ധതിയുടെ ഭാഗമായി അടിമാലി സർവ്വീസ് സഹകരണ ബാങ്കിന്റെ മട്ടുപ്പാവിൽ 50 പോളി ബാഗുകൾ സജ്ജമാക്കി പച്ചക്കറി കൃഷി നടത്തിവരുന്നു. കല്ലാർക്കുട്ടി എൻ.എസ്.

(---4)

ഹാളിൽ വച്ച് 'സമഗ്ര ജൈവ പച്ചക്കറി കൃഷി' എന്ന സെമിനാർ സംഘടിപ്പിച്ചു.

**<u>എറണാകുളം ജില്ല</u>**

സഹകരണ സംഘങ്ങൾ വഴി അടുക്കള നിർമ്മാണതോട്ടം, മട്ടുപ്പാവ് കൃഷി, പോളിഹൗസ് കൃഷി എന്നിവ നടത്തുന്നു. അംഗങ്ങൾക്ക് ആവശ്യമായ കൃഷി വായ്പ നൽകിവരുന്നു. സംഘം തലത്തിൽ ഗ്രോബാഗുകൾ, ജൈവവളം, ജൈവകീടനാശിനി എന്നിവ നൽകിവരുന്നു. ബോധവത്ക്കരണ ക്ലാസ്സുകൾ, ചർച്ചാ ക്ലാസ്സുകൾ എന്നിവയും സംഘടിപ്പിച്ചിട്ടുണ്ട്.

**<u>തൃശ്ശൂർ ജില്ല</u>**

സംഘങ്ങളുടെ സ്വന്തം സ്ഥലത്ത് കൃഷി ചെയ്യുകയും അംഗങ്ങൾക്ക് പച്ചക്കറി വിത്ത് കിറ്റുകൾ വിതരണ ചെയ്യുകയും ചെയ്തു. സ്കൂളുകളിൽ പച്ചക്കറി തൈകൾ സംഘങ്ങളുടെ മേൽനോട്ടത്തിൽ നട്ടുപിടിപ്പിച്ച് സംരക്ഷിച്ചു വരുന്നു. മണ്ണുത്തി കൃഷി വികസന കേന്ദ്രം അസിസ്റ്റന്റ് ഡയറക്ടർ കൊടുങ്ങല്ലൂർ താലൂക്കിൽ ക്ലാസ്സുകൾ സംഘടിപ്പിച്ചു. പട്ടേപ്പാടം റൂറൽ സർവ്വീസ് സഹകരണ ബാങ്കിന്റെ ഹരിത സൗഹൃദം 2015 പദ്ധതിയിൽ 'വിഷമുക്ത പച്ചക്കറി തോട്ടം' പദ്ധതി ഉദ്ഘാടനം ചെയ്തു. കാർഷിക വിള, കാർഷിക ഉപകരണം എന്നിവ ഗ്രീൻമിത്ര പദ്ധതി പ്രകാരം നൽകുന്നു.

(---5)

**പാലക്കാട് ജില്ല**

സൗജന്യമായി വിത്ത്, തൈകൾ എന്നിവ വിതരണം ചെയ്തു. സെമിനാറുകൾ, ചർച്ചാക്ലാസ്സുകൾ എന്നിവ സംഘടിപ്പിച്ചു. കൃഷി വായ്പകൾ അനുവദിച്ചു. ജില്ലയിലെ 24 ബാങ്കുകൾ സ്വന്തമായി പച്ചക്കറി കൃഷി ആരംഭിക്കുകയും ചെയ്തു. മണ്ണാർക്കാട് റൂറൽ സഹകരണ ബാങ്കിൽ വച്ച് ശില്പശാല സംഘടിപ്പിച്ചു.

**മലപ്പുറം ജില്ല**

വണ്ടൂർ സർവ്വീസ് സഹകരണ ബാങ്ക് പാട്ടത്തിനെടുത്ത സ്ഥലത്ത് കൃഷി ചെയ്യുകയും ജൈവപച്ചക്കറി വിതരണം ചെയ്യുകയും ചെയ്യുന്നു. സൗജന്യമായി തൈകൾ, ഗ്രോബാഗ്, വിത്തുകൾ, കിറ്റുകൾ എന്നിവ വിതരണം ചെയ്യുന്നു.

**കോഴിക്കോട് ജില്ല**

ഏറാമല സർവ്വീസ് സഹകരണ ബാങ്കിന്റെ ആഭിമുഖ്യത്തിൽ ഏറാമല ഗ്രാമപഞ്ചായത്ത് സമ്പൂർണ്ണ ജൈവപച്ചക്കറി കൃഷി ഗ്രാമമാക്കി മാറ്റുക എന്ന പദ്ധതി ആസൂത്രണം ചെയ്തു നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി ബോധവത്ക്കരണ ക്യാമ്പുകളും ശില്പശാലകളും സംഘടിപ്പിച്ചു. ജൈവപച്ചക്കറിയുടെ പ്രാധാന്യം മനസ്സിലാക്കുന്നതിന് വേണ്ടി ലഘുലേഖ തയ്യാറാക്കി വീടുകളിൽ നൽകുന്നതിനു കുടുംബശ്രീയെ ചുമതലപ്പെടുത്തി. പ്രചാരണാർത്ഥം ഫ്ളക്സ് ബോർഡുകൾ

സ്ഥാപിച്ചു. വിത്ത്, വളം, തൈകൾ, കാർഷികോപകരണങ്ങൾ ഇവ വിതരണം ചെയ്തു.

**വയനാട് ജില്ല**

വൈത്തിരി അസിസ്റ്റന്റ് രജിസ്ട്രാർ ആഫീസിൽ വച്ച് ചേർന്ന പ്രാഥമിക വായ്പ സഹകരണ സംഘം സെക്രട്ടറിമാരുടെ യോഗത്തിൽ പച്ചക്കറി വിത്തുകൾ വാങ്ങി സ്വയം സഹായ സംഘങ്ങൾ വഴി വിതരണം ചെയ്യുവാൻ തീരുമാനിക്കുകയും വിജയകരമായി നടപ്പി ലാക്കുകയും ചെയ്തു. 'വിഷമുക്ത പച്ചക്കറി കൃഷി' എന്ന പരിപാടി സംഘടിപ്പിച്ച് 'സമ്മിശ്രവള പ്രയോഗവും കൃഷിയും' എന്ന വിഷയത്തിൽ ക്ലാസ്സ് സംഘടിപ്പിച്ചു. കുടുംബശ്രീയ്ക്കു വേണ്ടി സെമിനാർ നടത്തുകയുണ്ടായി. പി.എ.സി. എസ് ഡെവലപ്പ്മെന്റ് സെല്ലിന്റെ ആഭിമുഖ്യ ത്തിൽ ഏകദിനസെമിനാർ നടത്തി. കുടുംബശ്രീകൾക്ക് ആവശ്യമായ വായ്പ നൽകിവരുന്നു. നല്ല രീതിയിൽ കൃഷി ചെയ്യുന്ന കർഷകന് പ്രോത്സാഹനസമ്മാനങ്ങളും നൽകുന്നു. പനമരം സർവ്വീസ് സഹകരണ ബാങ്കിന്റെ നേതൃത്വത്തിൽ ജൈവപച്ചക്കറി കൃഷി പഠനക്ലാസ്സും, അത്യുല്പാദനശേഷിയുള്ള പച്ചക്കറി വിത്തുകളും നൽകിവരുന്നു.

**കണ്ണൂർ ജില്ല**

വിവിധ സർവ്വീസ് സഹകരണ ബാങ്കുകളുടേയും മറ്റ് സഹകരണ സംഘങ്ങളുടേയും ആഭിമുഖ്യത്തിൽ അംഗങ്ങൾക്കും, കുടുംബശ്രീ

(---7)

യൂണിറ്റുകൾക്കും പച്ചക്കറി വിത്ത്, തൈകൾ എന്നിവ നൽകിവരുന്നു. പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പച്ചക്കറിവിള മത്സരം നടത്തിവരുന്നു. ബാങ്ക് ശാഖകളിൽ മട്ടുപ്പാവുകൃഷി, ക്ലസ്റ്റർ രൂപീകരിച്ച് ജൈവപച്ചക്കറി കൃഷി ചെയ്യുക എന്നിവയും ചെയ്തുവരുന്നു.

**<u>കാസർഗോഡ് ജില്ല</u>**

സംഘങ്ങളുടെ അധീനതയിലുള്ള സ്ഥലത്തും, മട്ടുപ്പാവിലും, പാട്ടത്തിന് എടുത്ത സ്ഥലത്തും കൃഷി ചെയ്യുന്നു. ചർച്ചാക്ലാസ്സുകളും, സെമിനാറുകളും സംഘടിപ്പിച്ചു. പലിശ രഹിത വായ്പ അനുവദിച്ചു നൽകുന്നു. "ഓരോ വീട്ടിലും ഒരു പച്ചക്കറി തോട്ടം" എന്ന സന്ദേശവുമായി വിത്തുകളുടെ കിറ്റ്, വളം, ഗ്രോബാഗ് എന്നിവ വിതരണം ചെയ്യുന്നു. ഓണക്കാലത്ത് സംഘങ്ങൾ വഴി വിഷരഹിതമായ ജൈവ പച്ചക്കറികൾ വില്പന നടത്താൻ സഹകരണ സംഘങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തുന്നു.

(ബി) പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര സഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നുള്ള വിവരം ജില്ലാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

(ബി) സുവർണ്ണകേരളം പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സംഘങ്ങളുടെ എണ്ണം ജില്ലാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| തിരുവനന്തപുരം | - | 29 |
| കൊല്ലം | - | 48 |
| പത്തനംതിട്ട | - | 25 |

| | | |
|---|---|---|
| ആലപ്പുഴ | - | 40 |
| കോട്ടയം | - | 151 |
| ഇടുക്കി | - | 50 |
| എറണാകുളം | - | 119 |
| തൃശ്ശൂർ | - | 122 |
| പാലക്കാട് | - | 83 |
| മലപ്പുറം | - | 38 |
| കോഴിക്കോട് | - | 51 |
| വയനാട് | - | 20 |
| കണ്ണൂർ | - | 37 |
| കാസറഗോഡ് | - | 68 |
| ആകെ | | 881 |

**സെക്ഷൻ ഓഫീസർ**